ഉപസംഹാര പ്രസംഗം
30.7.2006,
ഹദീഖത്തുൽ മഹ്ദി,
ആൾട്ടൻ, ഹാമ്പ്ഷയർ

# നബി(സ)യുടെ സന്ദേശം ലോകജനതയ്ക്കെത്തിക്കുക

وَاِذْ اَخَذَ اللّٰهُ مِيْثَاقَ النَّبِيّٖنَ لَمَآ اٰتَيْتُكُمْ مِّنْ
كِتٰبٍ وَّحِكْمَةٍ ثُمَّ جَآءَكُمْ رَسُوْلٌ مُّصَدِّقٌ لِّمَا
مَعَكُمْ لَتُؤْمِنُنَّ بِهٖ وَلَتَنْصُرُنَّهٗ قَالَ ءَاَقْرَرْتُمْ
وَاَخَذْتُمْ عَلٰى ذٰلِكُمْ اِصْرِيْ قَالُوْٓا اَقْرَرْنَا قَالَ
فَاشْهَدُوْا وَاَنَا مَعَكُمْ مِّنَ الشّٰهِدِيْنَ ﴿٨٢﴾

**വി**ശുദ്ധഖുർആൻ അവസാനമിറങ്ങിയ ന്യായ പ്രമാണഗ്രന്ഥമാണ്. ഇതിനെ എല്ലാ നബിമാരുടെയും സമുച്ചയവും സർവ്വശ്രേഷ്ഠനുമായ തന്റെ അവസാനത്തെ പ്രവാചകനിൽ അല്ലാഹു ഇറക്കി. ലോകത്ത് എപ്പോഴൊക്കെ അല്ലാഹു നബിയെ അയച്ചിട്ടുണ്ടോ അപ്പോഴൊക്കെ അവരുടെ ജനത അവരെ എതിർത്തു. അല്ലാഹു പറയുന്നു: ***വ കദാലിക്ക ജഅൽനാ ലികുല്ലി നബിയ്യിൻ അദുവ്വാ***. ഇതേപ്രകാരം നാം ഓരോ നബിക്കും ശത്രുക്കളെ ഉണ്ടാക്കിയിരിക്കുന്നു. (*6:113*)

നബി(സ) തിരുമേനിയെ അവസാനത്തെ നബിയും സകലലോകത്തിനും സർവ്വജനതയ്ക്കും ഖിയാമത്തുന്നാൾവരെയുള്ള നബിയായിക്കൊണ്ട് അല്ലാഹു അയച്ചു. അതുകൊണ്ട് നബി(സ) തിരുമേനിക്കെതിരിലുള്ള എതിർപ്പ് അവിടത്തെ കാലത്തു മാത്രം പരിമിതമായിരുന്നില്ല. മക്കയിൽമാത്രം ഒതുങ്ങിയതുമായിരുന്നില്ല. അവിടത്തെ കാലഘട്ടത്തിലും മക്കയിൽനിന്ന് പുറപ്പെട്ട് അറബ്ലോകം മുഴുവനും അത് വ്യാപിച്ചിരുന്നു. എന്നല്ല, അതിനുപുറത്തും അതെത്തിയിരുന്നു. കാരണം അവിടന്ന് വലിയ വലിയ രാജാക്കന്മാരേയും ഇസ്ലാമിലേക്ക് ക്ഷണിക്കുകയുണ്ടായി. അതുകൊണ്ട് ചില അഹങ്കാരികളും പൊങ്ങച്ചക്കാരുമായ രാജാക്കന്മാർ നബിയെ എതിർത്തു. നബി(സ) തിരുമേനിയുടെ കഥ കഴിക്കുന്നതിനുവേണ്ടി, അവർ വലിയ ശക്തിയാണ് ചെലുത്തിയത്. അവർ ശത്രുത അതിന്റെ പാരമ്യതയിലെത്തിച്ചു. നബി(സ) തിരുമേനി ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തെഴുതിയ കാരണത്താൽ കിസറാരാജാവ്, യമനിലെ ഗവർണ്ണർ മുഖേന നബിയെ അറസ്റ്റ് ചെയ്ത് അയാളുടെ സന്നിധിയിൽ ഹാജരാക്കാൻ കല്പന കൊടുത്തു. അറേബ്യയിൽ ഒരാൾ നബിയാണെന്ന് വാദിച്ചിട്ടുണ്ടെന്നും അയാൾ എല്ലാവരെക്കാളും തന്നെ ഉയർന്നവനായി കാണുന്നുവെന്നും ആരോ കിസറായോടു പറഞ്ഞിരുന്നു. എന്തായാലും അയാൾക്കതിൽ വിജയിക്കാൻ കഴിഞ്ഞില്ല. വിജയിക്കാൻ സാധിക്കുമായിരുന്നുമില്ല. ഈ നബി അല്ലാഹുവിന്റെ ഏറ്റവും പ്രിയപ്പെട്ട നബിയായിരുന്നു. പ്രിയപ്പെട്ട നബിയാണ്. കാരണം ഇന്നും ആ പ്രിയപ്പെട്ട നബി(സ)യുടെമേൽ സ്വലാത്ത് ചൊല്ലുന്ന കാരണത്താൽ അല്ലാഹുതആല തന്റെ ദാസർക്ക് തന്റെ സാമീപ്യം നല്കി അനുഗ്രഹിക്കുന്നു. എന്തായാലും ഇതയാളുടെ കുടിലശ്രമം ആയിരുന്നു; ശയ്ത്വാൻ ജിന്നിന്റേയും ഇൻസിന്റേയും രൂപത്തിൽ നബിയെ എതിർക്കുന്നുവെന്ന് അല്ലാഹു പറഞ്ഞതുപോലെ. എന്തുകൊണ്ടെന്നാൽ അവിടന്ന് (സ) നബിമാരിൽ ശ്രേഷ്ഠനും ന്യായപ്രമാണവാഹിയായ അവസാനത്തെ നബിയുമാണ്. അതുകൊണ്ട് നബി(സ)ക്കെതിരിലുള്ള എതിർപ്പും ശത്രുതയും പാരമ്യതയിലുള്ളതാകണമായിരുന്നു. എന്നാൽ, തന്റെ വാഗ്ദാനമനുസരിച്ച് ശത്രുവിന്റെ എല്ലാതരം ആക്രമണങ്ങളിൽനിന്നും അല്ലാഹു എപ്പോഴും നബി(സ)യെ സുരക്ഷിതനാക്കിവെച്ചു. അവൻ പറയുന്നു: ***വല്ലാഹു യഅ്സിമുക്ക മിനന്നാസി*** അല്ലാഹു നിന്നെ ലോകത്തിന്റെ ആക്രമണങ്ങളിൽ നിന്ന് സുരക്ഷിതനാക്കി വയ്ക്കുന്നതാണ്. (*5:68*)

നോക്കുക, എത്രയെത്ര ഭയാനകമായ അവസ്ഥകളുണ്ടായി. മക്കയിലെ ആരംഭജീവിതം മുതൽ മക്കാവിജയംവരെ, എന്നല്ല അവിടത്തെ ജീവിതത്തിന്റെ അവസാനശ്വാസംവരെ എതിർപ്പ് നിലനിന്നു. പരസ്യമായും രഹസ്യമായും നബിയ്ക്കെതിരിൽ അങ്ങേയറ്റം എതിർപ്പും ശത്രുതയും പ്രകടിപ്പിക്കപ്പെട്ടു. ഉഹ്ദ് യുദ്ധത്തിലും ഹുനയ്ൻ യുദ്ധത്തിലുമെല്ലാം ശത്രു പൊരിഞ്ഞ പോരാട്ടം നടത്തിയിട്ടും നബി(സ) തിരുമേനിയെ അല്ലാഹു സുരക്ഷിതനാക്കിവെച്ചു. നബി(സ)യെ വധിക്കാൻ പിന്നാലെ കൂടിയിരുന്ന ശത്രു, അവസാനം ഒന്നുകിൽ സ്വയം നശിച്ചൊടുങ്ങി ഇല്ലെങ്കിൽ നബിയുടെ ദാസ്യത്തിലേക്കുവരുന്നത് അഭിമാനമായി മനസ്സിലാക്കി. നബിയെ കൊലചെയ്യാൻ ശ്രമിച്ചിരുന്നവർ, നബിയുടെ ജീവൻ രക്ഷിക്കണമെന്ന ആശക്കാരായിമാറി. ഈ രീതിയിൽ മുഖച്ഛായ മാറിമറിഞ്ഞു. ഒരുഭാ

ഗത്ത് എതിർപ്പ് അതിന്റെ പാരമ്യതയിലെത്തി. മറുഭാഗത്ത് ജീവൻ ബലിയർപ്പിക്കാൻ തയ്യാറായ ജമാഅത്തും തങ്ങളുടെ ത്യാഗങ്ങൾ അതിന്റെ പാരമ്യതയിലെത്തിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) നബി(സ) തിരുമേനിയോട് അല്ലാഹു ചെയ്ത വാഗ്ദാനത്തെക്കുറിച്ച് പറയുന്നു: "അല്ലാഹുതആല നമ്മുടെ നബി (സ) തിരുമേനിയെക്കുറിച്ച് പറയുന്നു. ***വല്ലാഹു യഅ്സിമുക്ക മിനന്നാസി.*** അതായത് അല്ലാഹു നിന്നെ ജനങ്ങളിൽനിന്ന് രക്ഷിക്കുന്നതാണ്. വാസ്തവത്തിൽ ജനങ്ങൾ പലരീതിയിലും നബിയെ പീഡിപ്പിച്ചു. പിറന്നനാട്ടിൽനിന്ന് പുറത്താക്കി. പല്ല് ശഹീദാക്കി. വിരലുകളിൽ മുറിവേല്പിച്ചു. നെറ്റിത്തടത്തിൽ വാൾ കൊണ്ട് പല മുറിവുകളും ഉണ്ടാക്കി. വാസ്തവത്തിൽ ഈ പ്രവചനത്തിലും, ആക്ഷേപത്തിന്നിടയില്ല. കാരണം സത്യനിഷേധികളുടെ ആക്രമണത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം നബി(സ)ന് മുറവേല്പിക്കുകയോ, പല്ല് ശഹീദാക്കുകയോ ആയിരുന്നില്ല. കൊല്ലുക എന്നതായിരുന്നു അവരുടെ യഥാർത്ഥ ലക്ഷ്യം. സത്യനിഷേധികളുടെ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് നബി(സ) തിരുമേനിയെ അല്ലാഹു സുരക്ഷിതനാക്കി." വീണ്ടും പറയുന്നു. നബി(സ) തിരുമേനി തന്റെ സംരക്ഷണത്തിനായി ബാഹ്യമായനിലയിൽ ചില സഹാബിമാരെ ആദ്യകാലങ്ങളിൽ വയ്ക്കാറുണ്ടായിരുന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പിന്നീട് ***വല്ലാഹു യഅ്സിമുക്ക മിനന്നാസ്*** അതായത് അല്ലാഹു നിന്നെ ജനങ്ങളിൽനിന്ന് രക്ഷിക്കും എന്ന വചനമിറങ്ങിയപ്പോൾ നബി(സ) തിരുമേനി അവരെയെല്ലാവരേയും പറഞ്ഞുവിട്ടു. അവരോട് പറഞ്ഞു: ഇനി എനിക്ക് നിങ്ങളുടെ സംരക്ഷണത്തിന്റെ ആവശ്യമില്ല. നബി (സ) തിരുമേനിയെക്കുറിച്ച് മുൻകഴിഞ്ഞ നബിമാരും പ്രവചനം ചെയ്തിരുന്നു; ആ നബി ആരുടെ കൈയാലും വധിക്കപ്പെടുകയില്ലെന്ന്. നോക്കുക! നബിയ്ക്കെതിരിലുള്ള എതിർപ്പ് എല്ലാവരേക്കാളും അധികമായിരുന്നു. എന്നാൽ എല്ലാ ഘട്ടങ്ങളിലും നബി(സ) തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് ശത്രുക്കളെ അല്ലാഹു പരാജയപ്പെടുത്തി. നബി(സ) തിരുമേനിയുടെ വീട് ശത്രുക്കൾ വളഞ്ഞപ്പോൾ എങ്ങനെയാണ് ശത്രുക്കളുടെ കണ്ണുകളിൽ തുണികെട്ടി നബിയെ അല്ലാഹു സംരക്ഷിച്ചത്. ഗുഹയിൽ അവിടന്ന് അബൂബക്കറിനോടൊപ്പം ഇരുന്നപ്പോൾ, എങ്ങനെയാണ് ശത്രുക്കളുടെ ബുദ്ധിയിൽ പർദ്ദയിട്ടുകൊണ്ട് നബിയെ അല്ലാഹു സംരക്ഷിച്ചത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ) തിരുമേനി ആരുടെ കൈയാലും വധിക്കപ്പെടാതിരുന്നത് ഒരു കനപ്പെട്ട ദിവ്യാത്ഭുതമാണ്. വിശുദ്ധഖുർആന്റെ സത്യതയ്ക്കുള്ള തെളിവാണ്. അവസാനകാലത്തെ നബി ആരുടെ കൈയാലും വധിക്കപ്പെടുകയില്ലെന്ന പ്രവചനം മുൻവേദഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ, നബി(സ) തിരുമേനിയെ എല്ലാ ജനങ്ങൾക്കും എല്ലാ കാലത്തേക്കും നബിയായി അല്ലാഹു അയച്ചു. അതുകൊണ്ട് ഈ എതിർപ്പ് അവിടത്തെ ജീവിതകാലത്തിനുശേഷം അവസാനിച്ചുപോകുകയില്ല. അന്യമതങ്ങളിൽനിന്നുള്ള ഇസ്ലാമിന്റെ ശത്രുക്കൾ, നാമമാത്രമായ ചരിത്രകാരന്മാരും, മതനിപുണന്മാരും അല്ലെങ്കിൽ അനാവശ്യമായി പരിഹസിക്കുന്നവരും തങ്ങൾ എല്ലാവരെക്കാളും ഉയർന്നവരാണെന്ന് കരുതിക്കൊണ്ട് നിന്ദ്യമായനിലയിൽ ചെയ്ത എതിർപ്പുകൾ ഉപേക്ഷിച്ചില്ല. ഇന്നേവരെ അത്തരം ആളുകൾ ജനിച്ചുകൊണ്ടേപോകുന്നു. അവർ വിവിധ മതങ്ങളിൽനിന്നുള്ളവരാണ്. അവർ തരംതാണനിലയിൽ നബി (സ) തിരുമേനിയെ കുറിമാനമാക്കാൻ ശ്രമിക്കുന്നു.

ഇത് നോക്കുക, പൊതുവെ നബി(സ)യെ തന്നെയാണ് ദുരാരോപണങ്ങൾക്ക് കുറിമാനമാക്കിയിട്ടുള്ളത്. ഇത് തെളിയിക്കുന്നത്, അവിടന്ന് മുഴുലോകത്തിനുംവേണ്ടി അയക്കപ്പെട്ട അവസാന ന്യായപ്രമാണവാഹിയായ നബി തന്നെയാണെന്നാണ്. നബി(സ) തിരുമേനിയ്ക്കെതിരിൽ ഉണ്ടായിക്കൊണ്ടിരുന്നപോലെ മറ്റൊരു മതത്തിനും ഇങ്ങനെ എതിർപ്പുകൾ ഉണ്ടായിട്ടില്ല. മറ്റൊരു മതസ്ഥാപകനും ഇത്തരം എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടില്ല. ഈ എതിർപ്പുകൊണ്ട് നിരാശരാവേണ്ട ഒരു കാരണവുമില്ല. എത്ര അധികം ഈ എതിർപ്പുണ്ടാകുമോ, അത്രയധികം ഇസ്ലാമിന്റെ സന്ദേശം ലോകത്ത് വ്യാപിക്കുന്നതാണ്.

ഈ അവസാനനബി(സ)യ്ക്കെതിരിലുള്ള എതിർപ്പിനെ പ്രതിരോധിക്കാനായി അല്ലാഹു ഇക്കാലഘട്ടത്തിൽ അവിടത്തെ സത്യവാനായ പ്രേമിയെ അയച്ചിരിക്കുകയാണ്. അദ്ദേഹം അല്ലാഹുവിന്റെ ഫൈൽമാനാണ്. അദ്ദേഹത്തെ അല്ലാഹു ***ജരിയുല്ലാഹ്*** എന്ന് പറഞ്ഞിരിക്കുന്നു. അവിടന്ന് കൊണ്ടുവന്ന അധ്യാപനങ്ങൾക്കെതിരെയുള്ള ആക്ഷേപങ്ങൾക്ക് ഈ ഫൈൽമാൻ ശക്തമായ മറുപടികൊടുത്തു. ശത്രുക്കൾക്ക് പോയി അഭയംപ്രാപിക്കാനുള്ള ഇടംപോലും അദ്ദേഹം നല്കിയില്ല. എന്നല്ല, അദ്ദേഹത്തിന്റെ ഈ ഗ്രന്ഥങ്ങളിലൂടെ അദ്ദേഹത്തെ വിശ്വസിക്കുന്നവർക്കും അല്ലാഹു അറിവും പ്രകാശമയമായ സൂക്ഷ്മബുദ്ധിയും നല്കിയിരിക്കുന്നു.

അതിന് മുമ്പിൽനിന്ന് ഓടിമറയുകയല്ലാതെ ശത്രുക്കൾക്ക് നിർവാഹമില്ല.

ഇന്നലേയും ഞാൻ പറഞ്ഞിരുന്നു, ക്രിസ്ത്യാനികൾ ഇസ്ലാമിന്റെമേലും നബി(സ)യുടെമേലും നടത്തിയ ആക്രമണത്തിനുള്ള മറുപടി, പ്രത്യേകിച്ച് ഒരു പാതിരി ഉന്നയിച്ച ആക്ഷേപത്തിനുള്ള മറുപടി നമ്മുടെ അഹ്മദി അറബ്സഹോദരങ്ങൾ എം.ടി.എയിലൂടെ കൊടുക്കാൻ തുടങ്ങി. ഇപ്പോൾ എതിരാളികൾ തീരുമാനിച്ചിരിക്കുന്നത് ഇനി ഇക്കാര്യത്തെക്കുറിച്ച് അവരുമായി സംസാരിക്കണ്ട എന്നാണ്. നബി(സ) തിരുമേനിയുടെ സംരക്ഷണത്തിന്റെ ഉത്തരവാദിത്തം അക്കാലത്തേക്ക് മാത്രമായിരുന്നില്ല. അവിടത്തെ ദീൻ ഖിയാമത്തുന്നാൾ വരേക്കുള്ളതാണ്. അതുകൊണ്ട് എക്കാലത്തേക്കുമുള്ള വാഗ്ദാനമാണിത്. നബി(സ)ന്റേയും വിശുദ്ധഖുർആന്റേയും സത്യതയ്ക്കും അവിടന്ന് അവസാനത്തെ ന്യായപ്രമാണവാഹിയായ നബിയാണെന്നും ഇസ്ലാം അവസാനത്തെ മതമാണെന്നതിനുമുള്ള വ്യക്തമായ തെളിവാണിത്. ഇന്നും അല്ലാഹുതആല തന്റെ മതത്തിന്റേയും തന്റെ പ്രിയപ്പെട്ട നബിയുടേയും സംരക്ഷണത്തിനുവേണ്ടി, ആകാശത്തുനിന്ന് അടയാളം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നെന്നും ജീവിച്ചിരിക്കുന്നവനും, ജീവൻ പ്രദാനം ചെയ്യുന്നവനുമായ അല്ലാഹു ഇന്ന് നബി(സ) തിരുമേനിയുടെ അധ്യാപനമനുസരിച്ച് യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നവരുടേയും ആ മഹാത്മാവിനെ വിശ്വസിക്കുന്നവരുടേയും കൂടെയാണ്. ഇക്കൂട്ടരാണ് മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവർ. അവർ തെളിവുകളും പ്രമാണങ്ങളും കൊണ്ട് ശത്രുവിന്റെ വായടപ്പിച്ചു. അതിനുള്ള ഉദാഹരണമാണ് ഞാൻ പറഞ്ഞത്. ഒരുപാട് ഉദാഹരണങ്ങൾ ഇത് സംബന്ധമായിട്ടുണ്ട്. ഇത് അറബ്ലോകത്തുമാത്രമല്ല. എല്ലാരാജ്യത്തും, ഈ ജീവൽദൈവത്തിന്റെ അവസാനനബിയുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിക്കുന്നവർ അടയാളം കാണിച്ചും തെളിവ് കൊടുത്തുംകൊണ്ട് ഇസ്ലാമിന്റെ ശത്രുക്കളുടെ വായടപ്പിക്കുന്നു. നബി(സ) തിരുമേനിയ്ക്കുള്ള സ്ഥാനത്തെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ, എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനായ നബി, ലോകത്തിന്റെ മുറബ്ബിയെ അഅ്സം ആകുന്നു; ഏറ്റവും വലിയ രക്ഷകൻ. അതായത് ലോകത്തെ ഏറ്റവും വലിയ കുഴപ്പം ആ മഹാത്മാവിന്റെ കരങ്ങളാൽ പരിഹരിക്കപ്പെട്ടു. കളഞ്ഞുപോയ തൗഹീദിനെ വീണ്ടും ആ മഹാത്മാവ് ഭൂമിയിൽ സ്ഥാപിച്ചു. അദ്ദേഹം എല്ലാ നിരർത്ഥകമായ മതങ്ങളേയും തെളിവുകളും പ്രമാണങ്ങളും കൊണ്ട് പരാജയപ്പെടുത്തി. വഴികേടിന്റെ എല്ലാ സംശയങ്ങളും അകറ്റി. അദ്ദേഹം ഓരോ നിമിഷങ്ങളിലേയും ദുർബോധനങ്ങളും അകറ്റി. യഥാർത്ഥ മോക്ഷത്തിന് ഒരു നിരപരാധിയേയും തൂക്കിക്കൊല്ലേണ്ട ആവശ്യമില്ല. അല്ലാഹുവിനെ അവന്റെ പുരാതനവും യഥാർത്ഥവുമായ സ്ഥലത്തുനിന്ന് വലിച്ചിറക്കി, ഏതെങ്കിലും പെണ്ണിന്റെ വയറ്റിൽ ഇടേണ്ട ആവശ്യവുമില്ല. സത്യസന്ധമായ അദ്ധ്യാപനം അപ്പടി നമുക്ക് വീണ്ടും ആ മഹാത്മാവ് നല്കി. അതുകൊണ്ടുതന്നെ ഈ തെളിവിൽ പ്രയോജനവും ഫലവും ഏറ്റവുമധികമാണ്. അതിന്റെ പദവിയും സ്ഥാനവും ഏറ്റവും അധികമാണ്."

ചരിത്രങ്ങൾ ഏറ്റുപറയുന്നു. ദൈവികഗ്രന്ഥം സാക്ഷി പറയുന്നു. മറ്റുള്ളവർ കാണുന്നു. ഈ നിയമങ്ങളനുസരിച്ച് എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനായ ഈ നബി ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) ആകുന്നു. ഇസ്ലാമിന്റെ സത്യതയെ കുറിച്ച് അല്ലാഹുവിന്റെ ഈ ഫൈൽമാൻ, ഇസ്ലാമിന്റെ ശത്രുക്കൾ നബി(സ)യ്ക്കെതിരിൽ ഉന്നയിച്ച ആക്ഷേപങ്ങൾക്ക് വായടപ്പൻ മറുപടി നല്കി. അതിൽനിന്ന് ഇസ്ലാമിന്റെ സത്യത സ്ഥാപിതമായി. അവിടന്ന് പറയുന്നു: "ഓർമ്മിച്ചുകൊള്ളുക. ഏതെങ്കിലും മതത്തിന്റെ സത്യത വെളിപ്പെടുത്തുന്നതിനായി, അതായത് ആ മതം അല്ലാഹുവിൽനിന്നുള്ളതാണെന്നതിന് തെളിവിനായി രണ്ടുതരത്തിലുള്ള വിജയം അതിനുണ്ടാവേണ്ടത് നിർബന്ധമാണ്. ഒന്നാമത്തേത് ആ മതം അധികാരത്തിന്റേയും വിശ്വാസാദർശത്തിന്റേയും സ്വന്തം അധ്യാപനത്തിന്റേയും സ്വന്തം കല്പനകളുടേയും അടിസ്ഥാനത്തിൽ, പരിപൂർണ്ണവും തികവുറ്റതും എല്ലാ പോരായ്മകളിൽനിന്നും അകന്നതുമായിരിക്കണം. അതിനേക്കാളുപരി മറ്റൊന്ന് ബുദ്ധിക്ക് ആസൂത്രണം ചെയ്യാൻ സാധ്യമാകരുത്. ഒരു കുറവും ന്യൂനതയും അതിൽ കാണാൻ പാടില്ല. ആ പരിപൂർണ്ണത എല്ലാ ഓരോ മതത്തിന്റേയുംമേൽ വിജയംവരിക്കുന്നതാവണം. അതായത്, അതിന്റെ സവിശേഷഗുണങ്ങളിൽ അതിനു തുല്യമായിട്ട് ഒരു മതവും പാടില്ല. എപ്രകാരമെന്നാൽ വിശുദ്ധഖുർആൻ അതിങ്ങനെ വാദിക്കുന്നു. ***അൽയൗമ അക്മൽതു ലക്കും ദീനക്കും വ അത്മംതു അലയ്ക്കും നിഅ്മത്തീ വ റളീത്തുലക്കുമുൽ ഇസ്ലാമ ദീനാ.*** അതായത് ഇന്ന് ഞാൻ നിങ്ങൾക്കായി എന്റെ മതത്തെ സമ്പൂർണ്ണമാക്കുകയും എന്റെ അനുഗ്രഹത്തെ നിങ്ങളിൽ പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കായി ഇസ്ലാംമതത്തെ ഞാനിഷ്ടപ്പെട്ടു. അതാ

യത് ഇസ്‌ലാം എന്ന പദത്തിൽ കാണുന്ന ആ യാഥാർത്ഥ്യം, ഇസ്‌ലാം എന്ന വാക്കിനെക്കുറിച്ച് അല്ലാഹുതന്നെ വിവരിച്ച അതിന്റെ വിവരണം അതിന്റേതായ യാഥാർത്ഥ്യത്തിൽ നിലകൊള്ളേണ്ടതാണ്. വിശുദ്ധഖുർആൻ തന്നെയാണ് പരിപൂർണ്ണമായ അദ്ധ്യാപനമെന്ന് ഈ വചനത്തിൽ ശരിയായ നിലയിൽ വിവരിച്ചിരിക്കുന്നു. പരിപൂർണ്ണമായ അദ്ധ്യാപനം ഇറങ്ങേണ്ട ശരിയായ കാലഘട്ടവും അതിറങ്ങിയ കാലഘട്ടം തന്നെയാണ്. അതുകൊണ്ട് സമ്പൂർണ്ണമായ അദ്ധ്യാപനമടങ്ങിയതാണെന്നുള്ള വിശുദ്ധഖുർആന്റെ വാദം അതിന്നവകാശപ്പെട്ടതുതന്നെയാണ്. അതിനുപുറമെയുള്ള മറ്റൊരു ദൈവിക ഗ്രന്ഥവും അത്തരം വാദം ഉന്നയിച്ചിട്ടില്ല. തൗറാത്തും ഇഞ്ചീലും ഇത്തരം വാദത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നതായി അതിൽ നോക്കുന്നവർക്ക് സുവ്യക്തമാണ്. എന്തുകൊണ്ടെന്നാൽ തൗറാത്തിൽ അല്ലാഹുവിന്റെ ഈ പ്രവചനമുണ്ട്. "ഞാൻ നിങ്ങളുടെ സഹോദരങ്ങളിൽനിന്ന് ഒരു നബിയെ എഴുന്നേല്പിക്കും. എന്റെ വചനം അവന്റെ നാവിന്മേൽ ആക്കും. എന്റെ വചനം കേൾക്കാത്തവരോട് ഞാൻ ചോദിക്കുന്നതാണ്."

വരുംകാലത്തെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ തൗറാത്തിലെ കാര്യങ്ങൾ കേൾക്കുന്നത് മതിയായതായിരുന്നെങ്കിൽ മറ്റൊരു നബി വരേണ്ട ആവശ്യമില്ലെന്നത് വളരെ പ്രകടമാണ്. അദ്ദേഹത്തിന്നിറങ്ങിയ ആ വചനങ്ങൾ കേൾക്കുന്നതുതന്നെ ദൈവത്തിന്റെ ചോദ്യം ചെയ്യലിൽനിന്ന് രക്ഷപ്പെടുന്നതിന് മതിയായതാകുമായിരുന്നു.

ഇപ്രകാരംതന്നെ ഇഞ്ചീലിന്റെ അദ്ധ്യാപനം പരിപൂർണ്ണവും എല്ലാം അടങ്ങിയതാണെന്നും ഒരിടത്തും അത് വാദിച്ചിട്ടില്ല. പ്രത്യുത അത് തുറന്നുപ്രഖ്യാപിച്ചു. ഇനിയും ഒരുപാട് കാര്യങ്ങൾ നിങ്ങളോട് പറയാനുണ്ട്. എന്നാൽ, നിങ്ങൾക്കിപ്പോൾ അത് വഹിപ്പാൻ കഴിവില്ല. എന്നാൽ, ഫാറഖലീത്ത് വരുമ്പോൾ അവൻ എല്ലാം നിങ്ങൾക്ക് വിവരിച്ചുതരും.

ഹസ്റത്ത് മൂസാ(അ) തന്റെ ഗ്രന്ഥമായ തൗറാത്ത് സമ്പൂർണ്ണമല്ല എന്ന് സമ്മതിച്ചുകൊണ്ട്, വരുന്ന നബിയുടെ അദ്ധ്യാപനത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. അത്പ്രകാരംതന്നെ ഹസ്റത്ത് ഈസായും തന്റെ അദ്ധ്യാപനത്തിന്റെ അപൂർണ്ണത സമ്മതിച്ചുകൊണ്ട്, ഇപ്പോൾ സമ്പൂർണ്ണമായ അദ്ധ്യാപനം വിവരിക്കേണ്ട കാലമായിട്ടില്ലെന്ന് പറഞ്ഞു. എന്നാൽ ഫാറഖലീത്ത് വരുമ്പോൾ അദ്ദേഹം സമ്പൂർണ്ണമായ അദ്ധ്യാപനം വിവരിച്ചുതരുന്നതാണ്. (നബി(സ) തിരുമേനിയുടെ ആഗമനത്തെക്കുറിച്ചുള്ള പ്രവചനമാണിത്)

പറയുന്നു: എന്നാൽ, തൗറാത്തിനേയും ഇഞ്ചീലിനേയും പോലെ മറ്റുള്ള ഒന്നിനേയും കുറിച്ച് വിശുദ്ധഖുർആൻ പറഞ്ഞില്ല. എന്നല്ല, തന്റെ സമ്പൂർണ്ണമായ അദ്ധ്യാപനത്തെ മുഴുലോകത്തും വിളംബരവും ചെയ്തു. ***അൽയൗമ അക്മൽതുലക്കും ദീനക്കും വ അത്മംതുഅലയ്ക്കും നിഅ്മത്തീ വ റളീത്തുലക്കുമുൽ ഇസ്‌ലാമദീനാ.***

ഇസ്‌ലാമിന്റെ സത്യത സ്ഥാപിക്കുന്നതിനുള്ള വലിയൊരു തെളിവാണിത്. അതായത്, അത് അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഓരോ മതത്തേയും അതിജയിക്കുന്നതാണ്. സമ്പൂർണ്ണ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, അതിനെ നേരിടാൻ ആർക്കും സാധ്യമല്ല.

പറയുന്നു: ഇസ്‌ലാമിൽ കാണുന്ന രണ്ടാമത്തെ തരത്തിലുള്ള വിജയത്തിലും മറ്റൊരു മതവും പങ്കാളികളല്ല. അതും അതിന്റെ സത്യതയ്ക്കുമേൽ പൂർണ്ണമായ നിലയിൽ മുദ്രവയ്ക്കുന്നു. അതതിന്റെ ജീവിക്കുന്ന അനുഗ്രഹങ്ങളും ദിവ്യദൃഷ്ടാന്തങ്ങളുമാണ്. ഇതിൽനിന്ന് മറ്റുള്ള മതങ്ങളെല്ലാം പൂർണ്ണമായും തഴയപ്പെട്ടിരിക്കുന്നു. ഇതൊരു തികവുറ്റ അടയാളമാണ്. ഇതുമുഖേന ഇസ്‌ലാം മറ്റുള്ളവരുടെമേൽ വിജയം വരിക്കുമെന്ന് മാത്രമല്ല, ഇതിന്റെ സമ്പൂർണ്ണമായ വെളിച്ചം കാണിച്ചുകൊണ്ട് ഹൃദയങ്ങളെ തന്നിലേക്ക് വലിച്ചടുപ്പിക്കുകയും ചെയ്യുന്നു. ഓർമ്മിക്കുക, ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള ആദ്യത്തെ തെളിവ് ഇപ്പോൾ നാം നല്കിക്കഴിഞ്ഞു.

എങ്കിലും സൂക്ഷ്മതയോടെ കാര്യങ്ങൾ കാണാത്ത യാഥാസ്ഥിതികനായ സത്യനിഷേധി അല്ലാഹുവിൽനിന്നല്ലാത്ത മറ്റൊരു സമ്പൂർണ്ണ അദ്ധ്യാപനവുമുണ്ടെന്ന് പറയാൻ സാധ്യതയുണ്ട്. ഈ തെളിവ് ബുദ്ധിമാനായ ഒരു സത്യാന്വേഷിയെ വളരെയധികം സംശയങ്ങളിൽനിന്ന് രക്ഷിച്ച് ദൃഢവിശ്വാസത്തിന്റെ അടുത്തെത്തിക്കുമെങ്കിലും മുകളിൽ പ്രതിപാദിക്കപ്പെട്ട രണ്ടാമത്തെ തെളിവ് അതായത് ജീവനുള്ള അനുഗ്രഹങ്ങളുടേയും ദിവ്യദൃഷ്ടാന്തങ്ങളുടേയും തെളിവ് അതിനോടൊപ്പം വ്യവസ്ഥിതമായതും ബന്ധിപ്പിച്ചതും അല്ലെങ്കിൽ സമ്പൂർണ്ണമായ ദൃഢവിശ്വാസത്തിന്റെ മിനാരംവരെ എത്തുക സാധ്യമല്ല. ഈ ഇരുതെളിവുകളുടേയും കൂടിച്ചേരൽ കൊണ്ട് സത്യമായ മതത്തിന്റെ വെളിച്ചം പൂർണ്ണത പ്രാപിക്കുന്നു. യഥാർത്ഥത്തിൽ സത്യമതം ആയിരക്കണക്കിന് ലക്ഷണങ്ങളും പ്രകാശങ്ങളും ഉൾക്കൊ

ള്ളുന്നതാണ്. പക്ഷേ, ഈ രണ്ടു തെളിവുകളും മറ്റു തെളിവുകളൊന്നും ആവശ്യമില്ലാത്തനിലയിൽ സത്യാന്വേഷകന്റെ ഹൃദയത്തെ, ദൃഢവിശ്വാസത്തിന്റെ ജലംകൊണ്ട് നിറയ്ക്കുന്നു. സത്യനിഷേധികളുടെമേൽ പൂർണ്ണമായനിലയിൽ ന്യായപൂർത്തി വരുത്തുകയും ചെയ്യുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, തൗറാത്തും ഇഞ്ചീലും വരാനുള്ള ഒരാളെക്കുറിച്ച് സാക്ഷിപറയുന്നു. ഈ സന്ദേശം മനസ്സിലാക്കാതെ അതിനെ വിശ്വസിക്കുന്നവർ ഈ മഹാനായ നബിയെ എതിർത്തു. വാസ്തവത്തിൽ അവയെ സാക്ഷ്യപ്പെടുത്താനാണ് ആ മഹാത്മാവ് വന്നത്. കാര്യങ്ങൾ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് -കേൾക്കാനുള്ള ചെവിയുണ്ടെങ്കിൽ- വിശുദ്ധഖുർആനും ഈ സന്ദേശം മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചു. പക്ഷേ, ഇക്കൂട്ടർ ഇവരുടെ ഗ്രന്ഥങ്ങളിലെ സന്ദേശം കേൾക്കുന്നില്ലെങ്കിൽ, സഹോദരന്മാരിൽ വരുന്ന നബിയെക്കുറിച്ച് ഒരു ബന്ധവുമില്ലാത്തവിധം വിശദീകരണം നടത്തുകയാണെങ്കിൽ അതിനൊരു ചികിത്സയുമില്ല. വരുന്ന നബി ബനുഇസ്റായേലിന്റെ സഹോദരൻ ഇസ്മായീലിന്റെ സന്താനപരമ്പരയിൽ നിന്ന് ആകണമായിരുന്നു. നബി(സ) ഈ ജനതയിൽ വന്ന മഹാനും ന്യായപ്രമാണവാഹിയുമായ അവസാന പ്രവാചകനാണ്. ചരിത്രം ഇത് സ്ഥാപിക്കുന്നു. തൗറാത്തും ഇഞ്ചീലും വിശ്വസിക്കുന്നവർക്ക്, അവരുടെ ഗ്രന്ഥം മുന്നറിയിപ്പ് നൽകിയ ചോദ്യം ചെയ്യലിൽനിന്ന് രക്ഷപ്പെടുന്നതിനായി നബി(സ) കൊണ്ടുവന്നിട്ടുള്ള സന്ദേശത്തിൽ ചിന്തിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഇക്കാര്യം വിശുദ്ധഖുർആനും പറഞ്ഞിട്ടുള്ളതാണ്.

وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ لَمَا آتَيْتُكُمْ مِنْ
كِتَابٍ وَحِكْمَةٍ ثُمَّ جَاءَكُمْ رَسُولٌ مُصَدِّقٌ لِمَا
مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنْصُرُنَّهُ قَالَ أَأَقْرَرْتُمْ
وَأَخَذْتُمْ عَلَىٰ ذَٰلِكُمْ إِصْرِي قَالُوا أَقْرَرْنَا قَالَ
فَاشْهَدُوا وَأَنَا مَعَكُمْ مِنَ الشَّاهِدِينَ ﴿٨٢﴾

അല്ലാഹു പ്രവാചകന്മാരുടെ കരാർ വാങ്ങിയ സന്ദർഭം ഓർക്കുക! ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നല്കിയിട്ട് പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്.

എന്തായാലും നബി ഇവിടെ എക്കാലവും ജീവിച്ചിരിക്കുകയില്ല. അതുകൊണ്ട് അവരുടെ സമുദായത്തോടാണ് ഇത് പറഞ്ഞിട്ടുള്ളത്. പിന്നീട് അവരിൽനിന്ന് പ്രതിജ്ഞ വാങ്ങുകയും ചെയ്തു. ചോദിച്ചു. നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു. ഞങ്ങൾ സമ്മതിച്ചിരിക്കുന്നു. അപ്പോൾ അല്ലാഹു പറഞ്ഞു. ***ഫശ്ഹദൂ വ അന മഅക്കുമ്മിനശ്ശാഹിദീൻ***. നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ; നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽപ്പെട്ടവനാണ്.

വിശുദ്ധഖുർആന്റെ പാഠമനുസരിച്ച് അല്ലാഹു എല്ലാ നബിമാരിൽനിന്നും ഈ പ്രതിജ്ഞ വാങ്ങിയിട്ടുണ്ട്. ഇക്കാര്യം പൊതുവായിട്ടും ഇതിൽ പറഞ്ഞിരിക്കുന്നു. ഇപ്രകാരം മൂസായിൽനിന്നും ഈസായിൽനിന്നും പ്രതിജ്ഞ വാങ്ങി. അതായത് തങ്ങൾക്കു ശേഷം ഒരു നബി വരുമെന്ന്. ഇപ്രകാരം ആദ്യകാല നബിമാരിൽനിന്നും പ്രതിജ്ഞ വാങ്ങിയിരുന്നു. ഏതൊരു നബി വരുന്നതിനെ കുറിച്ചാണോ എല്ലാവരും അടയാളം പറഞ്ഞത്, അത് നബി(സ) തിരുമേനിതന്നെയാണ്. വരുന്ന നബി സാക്ഷ്യപ്പെടുത്തുന്ന ആളായിരിക്കുമെന്ന് വിശുദ്ധഖുർആൻ പറഞ്ഞു. അതായത്, അയാൾ മുസദ്ദിഖായിരിക്കും. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആ വരുന്നയാൾ മുൻപിറങ്ങിയ ഏടുകളെല്ലാം ശരിയായിരുന്നുവെന്ന് പറയുകയോ മുൻപേയുള്ള ഏടുകളിൽ പറഞ്ഞകാര്യം ശരിയാണെന്ന് പറയുകയോ മാത്രമല്ല. അത്രമാത്രമായിരുന്നെങ്കിൽ ആർക്കും താനും നബിയാണെന്ന് വാദിക്കാമായിരുന്നു. താനും നബിയാണെന്നും മുമ്പേവന്ന എല്ലാ ഏടുകളും ശരിയാണെന്നും പറയാമായിരുന്നു.

ഒന്നാമതായി നമ്മുടെ വിശ്വാസം മുമ്പേ ഇറങ്ങിയിട്ടുള്ള ഒരു വേദഗ്രന്ഥവും അതിന്റെ ശരിയായ നലയിൽ ഇന്നില്ലെന്നാണ്. ഖുർആൻ സാക്ഷ്യപ്പെടുത്തുന്നതും അത് ശരിയെന്ന് വെളിപ്പെടുത്തുന്നതുമായ കാര്യങ്ങൾ മാത്രമാണ് ഇന്ന് വിശ്വാസയോഗ്യമായിട്ടുള്ളത്. ചരിത്രസത്യങ്ങളും ബുദ്ധിയും അത് ശരിയാണെന്ന് സമ്മതിക്കുന്നു. പല അമുസ്ലിംകളും ഇത് സംബന്ധമായി എഴുതിക്കഴിഞ്ഞു. ഒരു പാശ്ചാത്യ എഴുത്തുകാരൻ ബൈബിൾ ദൈവികഗ്രന്ഥമാണെന്നുള്ളതിനെ പാടേ നിഷേധിക്കുകയുണ്ടായി. എന്തായാലും ഇതവരുടെ പ്രശ്നങ്ങളാണ്. പക്ഷേ, മുസദ്ദിഖ് എന്നതിന്റെ അർത്ഥം ഈ വെളിപാട്ഗ്രന്ഥങ്ങളിൽ പറയപ്പെട്ടതും പ്രവചനം ചെയ്തിട്ടുള്ളതുമായ കാര്യങ്ങളെ പിന്നീട് വരുന്നയാൾ സാക്ഷ്യപ്പെടുത്തു

മെന്നാണ്. അയാൾ ഈ പ്രവചനത്തിന്റെ പ്രതീകവുമായിരിക്കും. നീതിയുടെ കണ്ണുകൊണ്ട് നോക്കിക്കാണുകയാണെങ്കിൽ, ഈ പ്രവചനം സത്യവാനായ നബിയിൽ യഥാർത്ഥത്തിൽ പുലർന്നതായി കാണാം. ഒരു വ്യാജപ്രവാചകന് ഈ പ്രവചനത്തെ പുലർത്തിക്കാണിക്കാൻ സാധ്യമല്ല. വാദിക്കുന്ന ആളുടേയും പ്രവചനത്തിന്റേയും സത്യത അതാതിന്റെ സമയത്തും വാദത്തോടൊപ്പവും പുലരുകയാണ് ചെയ്യുന്നത്.

ഉദാഹരണത്തിന്, ആവർത്തനപുസ്തകം മുപ്പത്തിമൂന്നാം അദ്ധ്യായം രണ്ടാം വചനത്തിൽ പറയുന്നു: ''യഹോവ സീനായിൽനിന്നു വന്നു. അവർക്കു സേയീരിൽനിന്ന് ഉദിച്ചു. പാറാൻ പർവ്വതത്തിൽനിന്നു വിളങ്ങി. പതിനായിരം വിശുദ്ധന്മാരുടെ അടുക്കൽ നിന്നുവന്നു. അവർക്കുവേണ്ടി അഗ്നിമയമായൊരു പ്രമാണം അവന്റെ വലംകൈയിൽ ഉണ്ടായിരുന്നു.''

ഈ പതിനായിരം എന്ന വാക്ക് ചില ബൈബിളുകളിൽ ലക്ഷോപലക്ഷം എന്ന് തിരുത്തിയിട്ടുണ്ട്. കാരണം ഈ പ്രവചനം മക്കാ വിജയാവസരത്തിൽ നബി(സ)ന്റെ സത്യത തെളിയിക്കുന്നതായി കാണുന്നു. പതിനായിരം വിശുദ്ധന്മാരോടൊപ്പമാണ് അവിടന്ന് മക്കയിൽ പ്രവേശിച്ചത്.

സീനായിൽനിന്ന് വരികയെന്നത് ഹസ്റത്ത് മൂസായെക്കുറിച്ചാണ്. സേയീർ എന്നത് ഹസ്റത്ത് ഈസായുടെ സ്ഥലമാണ്. ഫാറാൻ എന്ന അറേബ്യൻപ്രദേശമാണ്. എന്നല്ല ഉല്പത്തിപുസ്തകം 21-ാം അദ്ധ്യായം 14-ാം വചനത്തിൽ ഇതിന്റെ വിശദീകരണവുമുണ്ട്. ഫാറാൻ പ്രദേശം എന്നു പറയുന്നത് ഹസ്റത്ത് ഹാജറയേയും മകൻ ഇസ്മായീലിനേയും ഇബ്റാഹീം(അ) വിട്ടുപോയ സ്ഥലമാണ്.

ഇതിൽനിന്ന് ഹസ്റത്ത് ഇസ്മായീലിന്റെ സന്താനപരമ്പരയിൽ വരുന്ന നബി, നബി(സ) തിരുമേനിയല്ലാതെ മറ്റാരുമല്ലെന്ന് വ്യക്തമാണ്. ഇതിനുപുറമെയും ബൈബിളിൽ പലയിടത്തും ഈ പ്രവചനമുണ്ട്. അതെല്ലാം നബി(സ) തിരുമേനിയിൽ പൂർത്തിയായതായി നാം കാണുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ രണ്ട് കാര്യങ്ങളാണ് ഞാൻ കേൾപ്പിച്ചത്. ഇതുകൂടാതെയും ഒരുപാട് ഉദാഹരണങ്ങൾ ഉണ്ട്. ഇതെല്ലാം സ്ഥാപിക്കുന്നത് വരാനുള്ള ആ നബി, നബി(സ) തിരുമേനിയാണെന്നാണ്. അദ്ദേഹം എന്നെന്നും നിലനില്ക്കുന്ന നബിയും അദ്ദേഹത്തിന്റെ ന്യായപ്രമാണം എന്നെന്നേക്കുമുള്ള ഗ്രന്ഥവുമാണ്. ഈ സന്ദേശവും ലോകത്തെല്ലായിടത്തും നമ്മൾ എത്തിക്കേണ്ടതാണ്. ഇൻശാഅല്ലാഹ്.

ഞാൻ പറഞ്ഞതുപോലെ, നബി(സ) തിരുമേനിക്കെതിരിൽ ഇക്കാലഘട്ടത്തിൽ എതിർപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. വിദ്യാസമ്പന്നരായ ചിലർ മനസ്സിലാക്കുന്നത് എതിർക്കുക എന്നത് തങ്ങളുടെ ബുദ്ധിയുടെ പ്രകടനമാണെന്നാണ്. മതത്തിനോട് തങ്ങൾ നീതിപൂർവ്വം പെരുമാറുന്നുവെന്നാണ്. എന്നാൽ, ഈ രാഷ്ട്രങ്ങളിലും ഈ ജനതകളിലും നീതിദൃഷ്ടിയോടെ കാര്യങ്ങൾ നോക്കിക്കാണുന്നവരുമുണ്ട്. അവർ നബി(സ) തിരുമേനിയെ പുകഴ്ത്തിക്കൊണ്ട് ഒരുപാട് കാര്യങ്ങൾ എഴുതിയിട്ടുണ്ട്. അവരിൽ ചിലരുടെ ഉദാഹരണങ്ങൾ പറയാം.

മിസ്റ്റർ ജെഫീക്, ഇസ്‌ലാമികാദ്ധ്യാപനത്തെക്കുറിച്ച് ഒരു ലേഖനമെഴുതി. അറേബ്യൻ റസൂലിന്റെ യഥാർത്ഥ വ്യക്തിത്വം എന്ന ലേഖനത്തിൽ അദ്ദേഹം പറയുന്നു. നബി(സ) തിരുമേനിയുടെ ഒരിക്കലും മായാത്ത സ്വാധീനം, അദ്ദേഹത്തിന്റെ അനുപമമായ വ്യക്തിസ്വഭാവം കാരണത്താലാണ്. ആ റസൂലിന്റെ ജീവിതമാതൃക, അദ്ദേഹത്തിന്റെ അനുയായികൾക്ക്, എക്കാലത്തേക്കും എല്ലാ കാര്യങ്ങളും സംഘടിപ്പിച്ചുവച്ചിരിക്കുന്നു.'' മിസ്റ്റർ ജഫീഖ് വലിയ പണ്ഡിതനാണ്.

നബി(സ) തിരുമേനിയുടെ ജീവിതചരിത്രമെഴുതിയ ഒരു എഴുത്തുകാരിയാണ് വി.സി. ബോർഡലിംഗ്. ലണ്ടൻകാരിയാണ്. പറയുന്നു: മുഹമ്മദ്(സ)ന്റെ വ്യക്തിത്വത്തെ അതിന്റെ യഥാർത്ഥനിലയിൽ സമർപ്പിക്കാൻ ഞാനെപ്പോഴും ശ്രമിച്ചുപോന്നിട്ടുണ്ട്. അറേബ്യൻ മരുഭൂമിയിലെ അറബികളെ എനിക്കറിയാം. സാധാരണക്കാരനായ ഒരു മനുഷ്യൻ, മഹത്തായ വ്യക്തിത്വത്തിന്റെ ഉടമ, അദ്ദേഹത്തിന്റെ മനസ്സ് തന്റെ ആളുകളുടെ ക്ഷേമത്തിനായി വിചാരനിർഭരമായിരുന്നു. അദ്ദേഹത്തിന് വെളിപാടുണ്ടായിരുന്നു. പുരുഷന്മാരുടേയും സ്ത്രീകളുടേയും പ്രകൃതിപരമായ ബലഹീനതകളെ സഹിക്കുകയും അത് മനസ്സിലാക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം പ്രവർത്തിച്ചു.

അഡ്വർഡ് ഗീബൻ എഴുതുന്നു. മുഹമ്മദ്(സ) തന്റെ വ്യക്തിത്വത്തിന്റെ സൗന്ദര്യം കൊണ്ട് മറ്റുള്ളവരെക്കാൾ ഉയർന്നയാളായിരുന്നു. ഈ സ്വഭാവം വളരെ അപൂർവ്വമായിട്ടേ ഇഷ്ടപ്പെടാതിരിക്കുകയുള്ളൂ; അതും ഇതനുഭവിച്ചറിഞ്ഞിട്ടില്ലാത്ത ആളുകൾ. അദ്ദേഹത്തിന്റെ സംസാരം തുടങ്ങുന്നതിനുമു

മ്പേ, ശ്രോതാക്കൾ അത് കേൾക്കാൻ എല്ലാവിധത്തിലും സന്നിഹിതരായിരുന്നു. അദ്ദേഹത്തിന്റെ സമാധാനപരമായ സാന്നിധ്യത്തിലും സ്നേഹം നിറഞ്ഞ മന്ദസ്മിതത്തിലും, അലതല്ലുന്ന അനുഗൃഹീതമായ മുടിയിഴകളിലും, രൂപത്തിലും, ഭാവത്തിലും- അദ്ദേഹത്തിന്റെ സന്തോഷഭരിതമായ ആത്മാവിന്റെ ബഹിർപ്രകടനമാണ്- ജനങ്ങൾ ആകൃഷ്ടരാവുകയും അദ്ദേഹത്തെ സ്തുതിക്കുകയും ചെയ്തു. ജീവിതത്തിലെ സാധാരണനിലയിലുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നനേരത്തും അവിടന്ന് വലിയ സ്ഥിരചിത്തതയോടുകൂടി തന്റെ രാജ്യകാര്യങ്ങൾ ശ്രദ്ധിച്ചു. മക്കയിലെ ദരിദ്രരായ ആളുകൾക്കുവേണ്ടി അവിടന്ന് ആവേശത്തോടെ പ്രവർത്തിച്ചു. അവിടത്തെ ഓർമ്മ വിശാലവും ആഴത്തിലുള്ളതുമായിരുന്നു. അവിടത്തെ പെരുമാറ്റം ലാളിത്യപൂർണ്ണമായിരുന്നു. അവിടത്തെ ഭാവന അത്യുന്നതമായിരുന്നു. അവിടത്തെ വിധി വളരെ വ്യക്തവും പവിത്രവുമായിരുന്നു. അവിടന്ന് ചിന്തയുടേയും കർമ്മങ്ങളുടേയും പ്രതീകമായിരുന്നു. അത് അവിടന്ന് വലിയ ബുദ്ധിമാനായിരുന്നു എന്ന് വിളിച്ചോതുന്നു.

മുഹമ്മദിന്റെ മതപരമായ വിശ്വാസം എല്ലാതരം സംശയങ്ങളിൽനിന്നും സന്ദേഹങ്ങളൽനിന്നും പരിശുദ്ധമായിരുന്നു. വിശുദ്ധഖുർആൻ ദൈവത്തിന്റ ഏകത്വത്തിനുള്ള മനോഹരമായ തെളിവാണ്. അല്ലാഹുവിന്റെ റസൂൽ ബിംബങ്ങളേയും ആൾദൈവങ്ങളേയും നക്ഷത്രങ്ങളേയും ആരാധിക്കുന്നതിനെ ബുദ്ധിപരമായ ഈ തെളിവ് മുഖേന റദ്ദ് ചെയ്തു; പറഞ്ഞു: ഉദിക്കുന്നത് അസ്തമിക്കും. ജനിക്കുന്നത് മരിക്കും. നാശമടയുന്നത് ചീഞ്ഞടിഞ്ഞ് ഇല്ലാതാകും. ഈ എല്ലാ വിശ്വാസങ്ങളും അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ശക്തമായ നിലയിൽ കാണാം.

മുഹമ്മദിന്റെ വാക്കുകൾ സത്യത്തിന്റെ പാഠവും അദ്ദേഹത്തിന്റെ കർമ്മങ്ങൾ പവിത്രതയുടെ പാഠവുമായിരുന്നു.

നബി(സ) തിരുമേനിക്കെതിരിൽ ആക്ഷേപം ഉന്നയിക്കുന്ന ആളുകൾ, ഇത്തരമാളുകളുടെ വീക്ഷണവും പഠിക്കേണ്ടതാണ്.

അൽഫോൺസെ ഡീലെമെന്റൺ എഴുതുന്നു: ഒരു തത്വജ്ഞാനിയും വാഗ്വൈഭവമുള്ള ഉപദേശിയും, പ്രഭാഷകനും, റസൂലും, നിയമജ്ഞനും ധീരനായ പോരാളിയും വിജയിയും ബിംബങ്ങളും ചിത്രങ്ങളും ഇല്ലാത്ത മതത്തെ കൊണ്ടുവന്നയാളും ഭൂമിയിൽ 20 ഭരണകൂടങ്ങളുടെ സ്ഥാപകനും, ആത്മീയമായ ഭരണം നിലനാട്ടുന്നവനുമായിരുന്നു മുഹമ്മദ് (സ). സാംസ്കാരികമായ എല്ലാ സ്വഭാവവൈശിഷ്ട്യങ്ങളും അടങ്ങിയിട്ടുള്ള ഇതുപോലൊരു മനുഷ്യനെ ആർക്കെങ്കിലും ഒന്നു കാണിക്കാമോ?

കിരൺ ആംസ്ട്രോംഗ് എഴുതുന്നു: ഇസ്ലാമിനെ അവിശുദ്ധ അറിവുകളുടെ ശാഖയിൽ ഇടുകയും അതിന്റെ സ്വാധീനം പരാജയപ്പെടുന്നനിലയിൽ മറഞ്ഞിരുന്നുവെന്ന് കരുതുകയും ചെയ്യുന്നത് തെറ്റും അനീതിപരവുമാണ്. ഇത് ആ സഹനശക്തിയേയും സൃഷ്ടികളോടുള്ള സഹതാപത്തിന്റെ വികാരത്തെയും വഞ്ചിക്കുന്ന കാര്യമാണ്. അത് പൊതുവെ പാശ്ചാത്യ സൊസൈറ്റിയുടെ ജീവിതത്തിന്റെ ഭാഗമായി കരുതപ്പെടുന്നു. വാസ്തവമെന്താണെന്നുവെച്ചാൽ ഇസ്ലാം, ക്രിസ്ത്യാനികളുടേയും യഹൂദികളുടേയും ഒരുപാട് ധാരണകളിലും തീരുമാനങ്ങളിലും ഭാഗഭാക്കാണ്. (മനുഷ്യ കൈകടത്തലുകൾ ഉണ്ടായിട്ടില്ലാത്ത കാര്യങ്ങളിൽ)

നാം മുഹമ്മദ്(സ)നെ ലോകത്തുവന്നിട്ടുള്ള ചരിത്രപുരുഷന്മാരുമായി തട്ടിച്ചുനോക്കുകയാണെങ്കിൽ തീർച്ചയായും നമ്മൾ അദ്ദേഹത്തെ ലോകത്തിലെ വലിയ വ്യക്തികൾക്ക് തുല്യനായി കാണുമായിരുന്നു. (ഇത് തെറ്റാണ്. അവരേക്കാളൊക്കെ ഉന്നതനായി കാണുമായിരുന്നു)

പൂർണ്ണമായ ഓരോ സാഹിത്യസൃഷ്ടിപ്പും ഒരു വലിയ മതത്തിന്റെ അടിത്തറയും നവലോകക്രമത്തിന്റെ അസ്തിവാരമിടലുമൊന്നും നിസ്സാര കാര്യങ്ങളല്ല.

റുശ്ദി ഇസ്ലാമിന്നെതിരിൽ അനാവശ്യം എഴുതിയതുകൊണ്ടാണ് ഞാനീഗ്രന്ഥം എഴുതിയത്. അപ്പോൾ എനിക്കുതോന്നി ഇസ്ലാമിന്റെ സത്യമായവശം പൊതുജനങ്ങളെ അറിയിക്കണമെന്ന്. കാരണം ഇസ്ലാംമത സ്ഥാപകൻ ലോകത്തിലെ എപ്പോഴും സ്മരിക്കപ്പെടേണ്ട വ്യക്തിയാണ്.

സെപ്തംബർ 11-ലെ സംഭവത്തിന് മുഹമ്മദ്(സ) അടിത്തറപാകി എന്നു കരുതുന്നതുതന്നെ തെറ്റാണ്. ഇത് അദ്ദേഹത്തിന്നെതിരിലുള്ളവരുടെ ആക്ഷേപമാണ്. കാരണം മുഹമ്മദ്(സ) ഒരിക്കലും ഇത്തരം സംഭവങ്ങൾ ചെയ്യാൻ തന്റെ ജീവിതത്തിൽ ആരേയും അനുവദിച്ചിരുന്നില്ല.

മുഹമ്മദ് വാളെടുത്ത് യുദ്ധം ചെയ്യാൻ പ്രചാരണം നടത്തിയ ആളല്ല. അദ്ദേഹം സമാധാനത്തിന്റെ രാജകുമാരനായിരുന്നു.

മൈക്കിൾ അമ്പാർട്ട് പറയുന്നു. ലോകത്ത് വന്നിട്ടുള്ള പ്രഗത്ഭമതികളായ വ്യക്തിത്വങ്ങളുടെ

പേരുകൾ തയ്യാറാക്കിയതിൽ ഒന്നാംസ്ഥാനത്ത് നില്ക്കുന്നത് മുഹമ്മദ്(സ)യാണ്. ഈ തിരഞ്ഞെടുപ്പ് ചിലരെ അത്ഭുതപ്പെടുത്തും. ചിലർ ചോദിക്കുകയും ചെയ്യും. എന്നാൽ, മനുഷ്യചരിത്രത്തിൽ ഈയൊരു വ്യക്തി മാത്രമായിരുന്നു ആത്മീയവും ഭൗതികവുമായ എല്ലാ കാര്യങ്ങളിലും ഏറ്റവും അധികം വിജയിച്ചത്.

കാലിസ് വെഡി ലോംഗ്വാൻ തന്റെ ഗ്രന്ഥത്തിലെഴുതി: ഇസ്‌ലാമിന്റെ റസൂൽ(സ) എപ്പോഴും, മറ്റു മനുഷ്യരെപ്പോലെ ഒരു മനുഷ്യനായിട്ട് ജീവിച്ചു; അല്ലാഹു അദ്ദേഹത്തെ തന്റെ നബിയായി നിയോഗിച്ചു. തന്റെ ഗ്രന്ഥമായ വിശുദ്ധഖുർആൻ അദ്ദേഹത്തിൽ ഇറക്കി. മുഹമ്മദ് നബി(സ)/യുടെ വിജയരഹസ്യം തന്റെ യജമാനനായ അല്ലാഹുവിനെ അനുസരിക്കയും, അവന്റെ കല്പനയനുസരിച്ച് ജീവിക്കുകയും ചെയ്തതിലാണ്. അദ്ദേഹം ഇതെല്ലാം ചെയ്തത് തന്റെ വ്യക്തിപരമായ ശക്തികൊണ്ടല്ല. അല്ലാഹുവിന്റെ ശക്തികൊണ്ടാണ്. ഒരുവിധത്തിൽ പറഞ്ഞാൽ അദ്ദേഹം ഈ ലോകത്ത് നമ്മെപോലെതന്നെ തൊഴിലുകളിൽ മുഴുകിയിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ജീവിതം പരിപൂർണ്ണമായും അല്ലാഹുവിനുവേണ്ടിയുള്ളതായിരുന്നു. ഈ രീതിയിൽ മുഹമ്മദ്(സ) സത്യവാനായ ഒരു മനുഷ്യന്റെ പൂർണ്ണമായ ചുമതലകൾ നിർവ്വഹിച്ചു. മനുഷ്യത്വത്തിന്റെ യഥാർത്ഥ ലക്ഷ്യവും അതായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തെ പരിപൂർണ്ണനായ മനുഷ്യൻ എന്നു പറയുന്നത്.

മൈക്കിൾ എ ചാർട്ട് എഴുതുന്നു: ലോകത്ത് ക്രിസ്ത്യൻ ജനത മുസ്‌ലിംകളെ അപേക്ഷിച്ച് രണ്ടിരട്ടി അധികമാണ്. അതുകൊണ്ട് മുഹമ്മദ്(സ)ന്റെ പദവി ഈസായേക്കാൾ ഉയർന്നതാണെന്ന് പറയുന്നത് അത്ഭുതകരമായി തോന്നാം. ഈ തീരുമാനമെടുക്കാൻ രണ്ട് വലിയ കാരണങ്ങളുണ്ട്. ഒന്നാമത്തേത്, ഈസാ(അ) തന്റെ ജനതയായ ക്രിസ്തുമതത്തിനുവേണ്ടി ചെയ്തതിനേക്കാൾ കൂടുതൽ മുഹമ്മദ്(സ) ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കായി കഠിനാദ്ധ്വാനം ചെയ്തിട്ടുണ്ട്. ക്രിസ്തുമതത്തിന്റെ ധാർമ്മികവും പ്രാവർത്തികവുമായ നിയമങ്ങളുടെ ഉത്തരവാദി ഈസാ(അ) തന്നെയായിരുന്നു എങ്കിലും ക്രിസ്തുമതത്തിന് യഥാർത്ഥമായ അഭിവൃദ്ധി നല്കിയത് പൗലോസ് സുവിശേഷകനായിരുന്നു. ക്രിസ്തുമതത്തിന്റെ നിയമങ്ങളിൽ മാറ്റം കൊണ്ടുവന്നയാളും പുതിയനിയമത്തിന്റെ വലിയൊരുഭാഗം എഴുതിയുണ്ടാക്കിയ ആളും പൗലോസ് സുവിശേഷകനായിരുന്നു. എന്നാൽ മുഹമ്മദ് (സ) ഇസ്‌ലാം ദീനിനും അതിന്റെ ധാർമ്മികതയുടേയും പ്രവർത്തനത്തിന്റേയും നിയമങ്ങൾക്കും സ്വയം ഉത്തരവാദപ്പെട്ടയാളാണ്. അദ്ദേഹം പുതിയമതം പ്രചരിപ്പിക്കുന്നതിനും അതിന്റെ ധാർമ്മികവും കർമ്മപരവുമായ നിയമങ്ങൾ പരത്തുന്നതിലും പ്രധാന കർമ്മം നിർവ്വഹിച്ചു. അദ്ദേഹം വിശുദ്ധഖുർആന്റെ രചയിതാവാണ്. അത് അവരുടെ വിശ്വാസപ്രകാരം അല്ലാഹുവിൽനിന്ന് വെളിപാടായി ഇറങ്ങിയതാണ്. ഇതിലെ അധിക നിർദ്ദേശങ്ങളും നബി(സ)യുടെ ജീവിതത്തിൽതന്നെ സമാഹരിച്ചിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ആ പരിപൂർണ്ണനായ മനുഷ്യൻ, തന്റെ സത്തകൊണ്ടും തന്റെ സവിശേഷഗുണങ്ങൾകൊണ്ടും തന്റെ കർമ്മങ്ങൾകൊണ്ടും തന്റെ പ്രവൃത്തികൾകൊണ്ടും തന്റെ ആത്മീയവും പരിശുദ്ധവുമായ ശക്തികൊണ്ടും സമ്പൂർണ്ണമായ തികവിന്റെ മാതൃക അറിവുപരമായും കർമ്മപരമായും സത്യസന്ധമായും സ്ഥൈര്യമായും കാഴ്ചവെച്ചു. അങ്ങനെ പരിപൂർണ്ണമനുഷ്യൻ എന്ന് പറയപ്പെട്ടു. ആ മനുഷ്യൻ തികവുറ്റയാളും പൂർണ്ണനായ മനുഷ്യനുമായിരുന്നു. പരിപൂർണ്ണനബിയായിരുന്നു. മരിച്ച ഒരു ലോകം അദ്ദേഹം വന്നതോടുകൂടി, ജീവിച്ചു. ഈ അനുഗൃഹീതനായ നബി, ഹസ്റത്ത് ഖാത്തമുൽ അമ്പിയാ, അമാമുൽ അസ്ഫിയാഅ് ഖാത്തമുൽ മുർസലിൻ, ഫഖ്റുന്നബിയ്യീൻ ജനാബ് മുഹമ്മദ് മുസ്തഫ(സ) ആകുന്നു.

പ്രിയപ്പെട്ട അല്ലാഹുവേ, ലോകാരംഭം മുതൽ ആരുടെമേലും ചൊരിയാത്ത സ്വലാത്തും സ്വലാമും ആ നബിയുടെമേൽ ചൊരിയേണമേ. ഈ മഹാനായ പ്രവാചകൻ ലോകത്തില്ലായിരുന്നെങ്കിൽ, യൂനുസ്, അയ്യൂബ്, മസീഹിബ്നു മർയം, മലാക്കി, യഹ്യാ, സക്രിയ്യാ തുടങ്ങി ലോകത്തെ ചെറിയ ചെറിയ നബിമാരുടെ സത്യത്തെക്കുറിച്ച് നമ്മുടെ പക്കൽ ഒരു തെളിവും ഉണ്ടാകുമായിരുന്നില്ല. അവരെല്ലാവരും സമീപസ്ഥരും അല്ലാഹുവിന് പ്രിയപ്പെട്ടവരുമായിരുന്നു. ഈ നബിമാരും ലോകത്ത് സത്യവാന്മാരായി അറിയപ്പെട്ടു എന്നത് ഈ നബിയുടെ ഉപകാരമാണ്. ***അല്ലാഹുമ്മ സല്ലിവസല്ലം വബാരിക് അലയ്ഹി വ ആലിഹീ***, അല്ലാഹു നമുക്ക് ആ നബിയുടെ അദ്ധ്യാപനത്തെ പൂർണ്ണമായും നടപ്പിൽവരുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹം കൊണ്ടുവന്ന ഈ സന്ദേശങ്ങൾ ലോകത്തിന്റെ എല്ലാ മൂലയിലും എത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നബി(സ) തിരുമേനിയുടെ സത്യവാനായ

ഈ പ്രേമിയുടെ വരവിനെ പ്രചരിപ്പിക്കുന്നവരും അതിനെ മുന്നോട്ടുകൊണ്ടുപോകുന്നവരുമാക്കി ത്തീർക്കട്ടെ. അതിനുവേണ്ടി നമ്മുടെ എല്ലാ കഴിവുകളും പ്രയോഗിക്കുക. എത്രയുംവേഗം ലോകത്തെ ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും കീഴിൽ കൊണ്ടുവരാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ. എല്ലായിടത്തും നബി(സ) തിരുമേനിയുടെ പതാക പാറിപ്പറക്കുമാറാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. കാരണം ഇതിലാണ് ലോകത്തിന്റെ അനശ്വരത നിലകൊള്ളുന്നത്. ഇല്ലെങ്കിൽ നാശത്തിലേക്ക് പോകുന്ന ലോകത്തെ രക്ഷിക്കാൻ ആർക്കും സാധ്യമല്ല. നബിയ്ക്കെതിരിൽ ആക്ഷേപം ഉന്നയിക്കുന്നവർ, ലോകത്തിന്റെ സമാധാനം ആഗ്രഹിക്കുന്നെങ്കിൽ, നബി (സ) ന്റെ കൊടിക്കീഴിൽ വരേണ്ടിവരും. ഖുർആനിക അധ്യാപനമനുസരിച്ച് പ്രവർത്തിക്കേണ്ടിവരും.

ഇപ്പോൾ ലോകഇസ്‌ലാം വലിയ പ്രതിസന്ധിയിലാണുള്ളത്. അല്ലാഹു അവരെ എല്ലാ ശർറുകളിൽനിന്നും രക്ഷിക്കുമാറാകട്ടെ. അവരുടെ നേതൃത്വത്തിനും ബുദ്ധി നല്കുമാറാകട്ടെ. അവർ ശരിയായ തീരുമാനങ്ങളെടുക്കുന്നവരായിത്തീരട്ടെ. അവർ തങ്ങളുടെ വ്യക്തിപരമായ ലക്ഷ്യം നേടാൻ മുസ്‌ലിം സമുദായത്തിന്റെ ഗുണങ്ങൾ ചവുട്ടിമെതിക്കുന്നവരായിതീരാതിരിക്കട്ടെ.

അല്ലാഹു നിങ്ങളെല്ലാവരേയും സമാധാനത്തോടുകൂടി അവരവരുടെ ഭവനങ്ങളിൽ എത്തിക്കുമാറാകട്ടെ. ആമീൻ.

ഈ വർഷം 81 രാഷ്ട്രങ്ങളിൽനിന്ന് 29,898 പ്രതിനിധികളാണ് ജൽസയിൽ പങ്കെടുത്തത്. കഴിഞ്ഞ വർഷം ഇത് 25,230 ആയിരുന്നു. പാക്കിസ്ഥാനിൽ നിന്ന് 3000-ൽ അധികം അതിഥികൾ എത്തിയപ്പോൾ ജർമ്മനിയിൽനിന്ന് നാലായിരത്തിലേറെ പ്രതിനിധിക്ൾ പങ്കെടുത്തു.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 30.7.2006 at Hadeeqathul Mahdi, Alton,Hampshire

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org